ഉത്തരം

(എ-ഡി) പ്ലാന്റേഷൻ കോർപ്പറേഷൻ വണം വകുപ്പിൽ നിന്നും പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്ന തണ്ണിത്തോട് എസ്റ്റേറ്റിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ ഉപയോഗത്തിനായി നിർമ്മിച്ചിട്ടുള്ള ഉദ്ദേശം 2.75 കി.മീ. റോഡ് പൊതുജനങ്ങളും കൂടി ഉപയോഗിച്ചു വരികയാണ്.

(ഇ) ഈ റോഡിന്റെ ഉപരിതലം പുതുക്കൽ ചെയ്യുന്നതിലേക്കായി 18 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി മൂന്ന് മാസത്തിനകം പണികൾ പൂർത്തീകരിക്കുന്നതിനായി 11-1-2011-ൽ കോർപ്പറേഷൻ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ടി റോഡിന്റെ കരാറുകാരൻ പണിക്കാവശ്യമായ സാധനങ്ങൾ സംഭരിച്ചു വരികയാണ്. പ്രസ്തുത പണിക്ക് ആവശ്യമായ 'ടാർ' കേരള സംസ്ഥാന സംരംഭമായ SIDCO-യിൽ നിന്നും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(എഫ്) വർക്ക് ഓർഡറിന്റെ പകർപ്പും SIDCO-യ്ക്ക് നൽകിയ ഓർഡറിന്റെ പകർപ്പും അനുബന്ധമായി ചേർക്കുന്നു.*

2011-ലെ സെൻസസ് പ്രകാരം കർഷകർ എന്ന പട്ടികയിൽ നിന്നും ഒഴിവാക്കപ്പെട്ടവർ

229 (1196) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാരിന്റെ 2011-ലെ സെൻസസിൽ സംസ്ഥാനത്തെ റബർ, തേയില, കാപ്പി, തെങ്ങ, അടയ്ക്ക തുടങ്ങിയവ കൃഷി ചെയ്യുന്നവരെ 'കർഷകൻ' എന്ന പട്ടികയിൽ നിന്നും ഒഴിവാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് സംസ്ഥാന സർക്കാർ വിലയിരുത്തുകയോ അനന്തര നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

കാർഷിക കടാശ്വാസപദ്ധതി മുഖേന കർഷകർക്ക് ധനസഹായം

230 (1199) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക കടാശ്വാസപദ്ധതി മുഖേന എത്ര കർഷകർക്ക് ധനസഹായം നൽകാൻ ഈ സർക്കാരിനു കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചുവെന്ന് വിശദമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY KERALA LEGISLATIVE ASSEMBLY

ഉത്തരം

(എ) കർഷകരുടെ വ്യക്തിഗത അപേക്ഷകൾ പരിഗണിച്ച് കർഷക കടാശ്വാസ കമ്മീഷൻ പാസ്സാക്കിയ അന്തിമ ഉത്തരവുകൾ പ്രകാരം 24,795 കർഷകർക്ക് കടാശ്വാസം അനുവദിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ കമ്മീഷന്റെ ശിപാർശ പ്രകാരം വയനാട് ജില്ലയിലെ ഒരേക്കർ വരെ കൃഷി ഭൂമിയുള്ള കർഷകരുടെ 25,000 രൂപ വരെയുള്ള കാർഷിക കടങ്ങളുടെ ബാദ്ധ്യത ഏറ്റെടുത്തതിലൂടെ 32472 കർഷക അക്കൗണ്ടുകളിന്മേലും കടാശ്വാസം അനുവദിച്ചിട്ടുണ്ട്.

(ബി) ആകെ 48.17 കോടി രൂപ കടാശ്വാസം അനുവദിച്ച ഇനത്തിൽ ചെല വഴിച്ചിട്ടുണ്ട്.

കർഷക ആത്മഹത്യ

231 (1201) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കർഷക ആത്മഹത്യ സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ 2001 മുതൽ 2006 മേയ് വരെ സംസ്ഥാനത്ത് എത്ര കർഷക ആത്മഹത്യകൾ നടന്നിട്ടുണ്ട് എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത കാലയളവിൽ ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകിയതിന്റെ വിശദവിവരം നൽകാമോ ;

(ഡി) 2006 മേയ് മുതൽ നാളിതുവരെ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ട കർഷക ആത്മഹത്യകളുടെ കണക്ക് നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു:

ജില്ല	ആത്മഹത്യ ചെയ്ത കർഷകരുടെ എണ്ണം
(1)	(2)
തിരുവനന്തപുരം	55
കൊല്ലം	12
പത്തനംതിട്ട	17
ആലപ്പുഴ	8

LEGISLATIVE ASSEMBLY KERALA